(ഡി) അനുവദിക്കപ്പെട്ട പോലീസുകാരുടെ എണ്ണം എച്ച്.സി. 6, പി.സി.24 തസ്തികകൾ ഒന്നും ഒഴിഞ്ഞു കിടപ്പില്ല.

(ഇ) എസ്. ഐ. - 4

സി. ഐ. - 4

(എഫ്) സ്റ്റേഷനതിർത്തിയിൽ ദിവസവും 2 ബീറ്റ് നൈറ്റ് പട്രോൾ നിയോഗിച്ചും കൂടാതെ രാത്രി കാലങ്ങളിൽ സർക്കിൾ ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ എന്നിവരുടെ നേതൃത്വത്തിൽ സ്റ്റേഷൻ ജീപ്പിൽ തുടർച്ചയായി പട്രോളിംഗ് നടത്തിവരുന്നുണ്ട്. കൂടാതെ ജില്ലയിലെ മറ്റ് സ്റ്റേഷനുകളിലുള്ള ക്രൈം സ്കാഡുമായി ബന്ധപ്പെട്ട് കുറ്റവാളികളെ കുറിച്ചുള്ള വിവരങ്ങൾ കൈമാറി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സ്റ്റേഷനതിർത്തിയിലുള്ള മുൻ ശിക്ഷക്കാരേയും കെ.ഡി.സി.സി. എന്നിവരുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങളും നിരീക്ഷിച്ചുവരുന്നുണ്ട്.

പറണ്ടോട് പ്രതിഭയും മക്കളും മരിക്കാനിടയായ സംഭവത്തെക്കുറിച്ച് അന്വേഷണം

41 (793) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ പറണ്ടോട് ഭാസ്ക്കര വിലാസത്തിൽ സുനീഷിന്റെ ഭാര്യ പ്രതിഭയും മക്കളും മരിക്കാനിടയാക്കിയതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഈ സംഭവത്തിൽ അന്വേഷണം ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നോ ; എങ്കിൽ ഇതിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആര്യനാട് പോലീസ് സ്റ്റേഷനിൽ ഐപിസി 302, സി ആർ. പി സി 174 എന്നീ വകുപ്പുകൾ പ്രകാരം 116/03 ക്രൈം നമ്പരായി രജിസ്റ്റർ ചെയ്ത കേസിൽ മരണപ്പെട്ട ശാരദ മകൾ 32 വയസ്സുള്ള മോളി എന്നു വിളിയ്ക്കുന്ന പ്രതിഭ തന്റെ മക്കളായ 3 വയസ്സുള്ള ലക്ഷ്മി എന്നു വിളിക്കുന്ന സുമി, 9 വയസ്സുള്ള സുബി എന്നിവരെ കെട്ടിത്തൂക്കി കൊലപ്പെടുത്തിയശേഷം പ്രതിഭ ആത്മഹത്യ ചെയ്തിട്ടുള്ളതാകുന്നു. സുബി എന്ന 9 വയസ്സുള്ള പ്രതിഭയുടെ മകളെ ആരെങ്കിലും ലൈംഗിക അതിക്രമത്തിന് വിധേയമാക്കാൻ ശ്രമിച്ചത് അറിഞ്ഞതുമൂലം പെട്ടെന്നുണ്ടായ പ്രകോപനത്താൽ തന്റെ കുട്ടികളെയും കൊലപ്പെടുത്തി ടി യാൾ ആത്മഹത്യ ചെയ്തതാണോ എന്നറിയാൻ കൂടുതൽ അന്വേഷണം നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. ആര്യനാട് സി.ഐ. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തിവരുന്നു. ആവശ്യമായാൽ കേസ് ക്രൈം ബ്രാഞ്ചിന് കൈമാറുന്നതാണ്.

കാസർഗോഡ് ജില്ലയിലെ കൊലപാതകങ്ങൾ

42 (795) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ ആകെ എത്ര കൊലപാതകങ്ങൾ നടന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) അതിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തുവെന്നും എത്ര പ്രതികളെ പിടികിട്ടാനുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) പിടികിട്ടാത്ത പ്രതികളെ പിടികൂടാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 48

(ബി) 69 പ്രതികളെ അറസ്റ്റുചെയ്തു.

3 പ്രതികളെ അറസ്റ്റുചെയ്യാനുണ്ട്.

3 പ്രതികൾ ആത്മഹത്യ ചെയ്തു.

(സി) പ്രതികളെ പിടികൂടുന്നതിനായി ഊർജ്ജിതശ്രമം നടന്നുവരുന്നു.

കുപ്പണ മദ്യ ദുരന്ത കേസ്

43 (796) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ തൃക്കടവൂർ പഞ്ചായത്തിൽപ്പെട്ട കുപ്പണയിലെ മദ്യദുരന്തത്തിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ട് ; എത്രപേർ ഗുരുതരമായി ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(ബി) മദ്യ ദുരന്തവുമായി ബന്ധപ്പെട്ട് പോലീസ് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; പ്രസ്തുത കേസുകളിൽ പ്രതികളായവരുടെ പേരു വിവരം വെളിപ്പെടുത്തുമോ ;

(സി) കേസ്സുകളുമായി ബന്ധപ്പെട്ട പ്രതികളെ മുഴുവൻ അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ടോ ; പ്രതികളെയാരെയെങ്കിലും പിടികിട്ടാനുണ്ടോ ;

(ഡി) മദ്യ ദുരന്തവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly